

അല്ലാഹു ആരെയും നശിപ്പിക്കാനാഗ്രഹിക്കുന്നില്ല. എല്ലാവർക്കും വീണ്ടെടുപ്പിനും തിരിച്ചുവരവിനും വേണ്ടത്ര സമയം നൽകുന്നുണ്ട്. ഈ സാവകാശത്തെ ശിക്ഷയെ നിഷേധിക്കാൻ ന്യായമായെടുത്ത് കൂടുതൽ അക്രമത്തിലേർപ്പെടുന്നവർ പിന്നീട് ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. ഒടുവിൽ എല്ലാവരും അല്ലാഹുവിന്റെ മുമ്പിൽ തിരിച്ചെത്തുന്നു.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ - 22

# അൽഹജ്ജ്

وَيَسْتَعْجِلُونَكَ بِالْعَذَابِ وَلَن يُخْلِفَ اللَّهُ وَعْدَهُ ۚ وَإِنَّ يَوْمًا عِندَ رَبِّكَ
كَأَلْفِ سَنَةٍ مِّمَّا تَعُدُّونَ ﴿٤٧﴾

47. ഇക്കൂട്ടർ ശിക്ഷക്കുവേണ്ടി നിന്നോട് തിരക്കു കൂട്ടുന്നുണ്ടല്ലോ. അല്ലാഹു അവന്റെ വാഗ്ദാനം ഒരിക്കലും ലംഘിക്കുകയില്ല. എന്നാൽ നിന്റെ നാഥങ്കലെ ഒരുനാൾ നിങ്ങൾ എണ്ണുന്ന സഹസ്രാബ്ദത്തിനു തുല്യമാകുന്നു.

**47**

وَيَسْتَعْجِلُونَكَ = നിന്നോടവർ തിരക്കു കൂട്ടുന്നു    بِالْعَذَابِ = ശിക്ഷക്കു വേണ്ടി

وَلَن يُخْلِفَ اللَّهُ = അല്ലാഹു ഒരിക്കലും ലംഘിക്കുകയില്ല    وَعْدَهُ = അവന്റെ വാഗ്ദാനം

وَإِنَّ يَوْمًا عِندَ رَبِّكَ = നിന്റെ നാഥങ്കലെ ഒരു ദിവസം    كَأَلْفِ سَنَةٍ = ഒരു സഹസ്രാബ്ദ(ത്തിനു തുല്യ)ം പോലെയാകുന്നു

مِّمَّا تَعُدُّونَ = നിങ്ങൾ എണ്ണുന്നതിൽ നിന്നുള്ള

പ്രവാചകൻ സത്യവാനെങ്കിൽ ഞങ്ങളെ താക്കീത് ചെയ്യുന്ന ദൈവശിക്ഷ എത്രയും വേഗം നടപ്പിലാക്കി കാണിക്കണമെന്ന് അവിശ്വാസികൾ ധൃതി കൂട്ടാറുണ്ടായിരുന്നെന്ന് നേരത്തേ സൂറഃ *അൽഅൻആമിലും യൂനുസിലും അർറഅ്ദി*ലും അനുസ്മരിച്ചിട്ടുണ്ട്. ദൈവശിക്ഷ ഒരിക്കലും ഉണ്ടാകാൻ പോകുന്നില്ല എന്ന വിശ്വാസത്തിൽ നിന്നുയിർക്കൊണ്ട പരിഹാസമായിരുന്നു ഇത്. ഖുർആൻ ഗൗരവപൂർവം അവർക്ക് മറുപടി കൊടുക്കുകയാണിവിടെ.

അല്ലാഹുവിന്റെ ശിക്ഷ അതർഹിക്കുന്നവരിൽ തീർച്ചയായും വന്നുപതിക്കുക തന്നെ ചെയ്യും. അതെപ്പോൾ വേണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളല്ല. നിങ്ങളാവശ്യപ്പെടുമ്പോൾ അതു നടക്കുകയുമില്ല. ശിക്ഷ എപ്പോൾ, എങ്ങനെ ഇറക്കണമെന്ന് തീരുമാനിക്കുന്നത് ശിക്ഷകനായ അല്ലാഹു തന്നെയാണ്. അവൻ ശിക്ഷിക്കുമെന്ന് താക്കീതു ചെയ്താൽ അതൊരിക്കലും ലംഘിക്കുകയില്ല. അവൻ നിശ്ചയിച്ച സമയത്ത് നിശ്ചയിച്ച രീതിയിൽ അതു നടപ്പിലാവുക തന്നെ ചെയ്യും. പക്ഷേ നിങ്ങൾ എല്ലാ കാര്യങ്ങളും നിങ്ങളുടെ സങ്കുചിതമായ പരിമാണങ്ങൾ കൊണ്ടളക്കുകയാണ്. അതുകൊണ്ട് അവൻ നൽകുന്ന സാവകാശം നിങ്ങൾക്ക് ദീർഘയുഗങ്ങളായി തോന്നുന്നു. അവന്റെ വാഗ്ദാനം ഉടനടി നിറവേറിയില്ലെങ്കിൽ അത് വീൺവാക്കും വ്യാജ ഭീഷണിയുമായി കരുതുന്നു. എന്നാൽ, അല്ലാഹുവിന്റെ സമയഗണന ഭൗതികലോകത്തിന്റെ സമയഗണനയല്ല. അവന്റെ ഒരു ദിവസത്തിന്റെ ദൈർഘ്യം മനുഷ്യരുടെ കണക്കിൽ ഒരായിരം കൊല്ലം വരും. ചരിത്രപരമായ പരിവർത്തനങ്ങൾക്ക് ലൗകികമായ ദിവസവും മാസവുമിരിക്കട്ടെ, നൂറ്റാണ്ടുകൾ പോലും അത്ര ദീർഘിച്ച കാലയളവാകുന്നില്ല. അല്ലാഹു അവന്റെ പദ്ധതികൾ നടപ്പാക്കുന്നത് അവന്റെ സമയപരിമാണ പ്രകാരമാണ്. മനുഷ്യൻ പിന്നിടുന്ന നീണ്ട നൂറ്റാണ്ടുകൾ അവന്റെ സമയപരിമാണത്തിൽ കേവലം മിനിറ്റുകളോ മണിക്കൂറുകളോ മാത്രമാകുന്നു. അല്ലാഹു സ്ഥലകാലാതീതനാണ്. എന്നാൽ അവന്റെ നടപടികൾ സ്ഥലകാല ബന്ധിത

നായ മനുഷ്യനിൽ നടപ്പിലാകുമ്പോൾ അതും സ്ഥലകാല ബന്ധിതമാകുന്നു. ഇവിടെ പരാമർശിക്കുന്ന ദൈവിക ദിനം എന്ന സമയ പരിമാണം ഒരു അതിഭൗതിക രഹസ്യത്തെ മാനുഷിക ഗ്രാഹ്യതയോടുപമിക്കാനുള്ള ചിത്രീകരണം മാത്രമാണ്. كَأَلْفِ سَنَةٍ -ആയിരം വർഷം പോലെ- എന്ന വാക്കു തന്നെ അത് സൂചിപ്പിക്കുന്നുണ്ട്. ഈ ദിനങ്ങളുടെ യാഥാർഥ്യം മനുഷ്യരെ സംബന്ധിച്ചേടത്തോളം അജ്ഞേയമാകുന്നു. അല്ലാഹു പറയുന്നതിലപ്പുറം നമുക്കത് മനസ്സിലാക്കാനാവില്ല. ഈ ചിത്രീകരണം ബൈബിളിലും കാണാം. "പ്രിയപ്പെട്ടവരേ, നിങ്ങൾ ഈയൊരു വസ്തുത അവഗണിച്ചുകൂടാ. കർത്താവിന്റെ ഒരു ദിവസം ആയിരം വത്സരം പോലെയും, ആയിരം വത്സരം ഒരു ദിവസം പോലെയുമാകുന്നു. ചിലർ കരുതുന്നതു പോലെ കർത്താവ് തന്റെ വാഗ്ദാനങ്ങളിൽ ഒട്ടും വിളംബം വരുത്തുകയില്ല. അവൻ നിങ്ങൾക്കു വേണ്ടി ക്ഷമാപൂർവം കാത്തിരിക്കയാണ്. ആരും നശിക്കണമെന്നല്ല; എല്ലാവരും അനുതപിക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്" (2 പത്രോസ് 3: 8–9).

ആകാശഭൂമികൾ ആറു നാളുകളിൽ സൃഷ്ടിച്ചു എന്ന് ഖുർആനും ബൈബിളും പറയുന്നുണ്ടല്ലോ. അതും മനുഷ്യരുടെ കണക്കിൽ ആയിരത്താണ്ടുകൾ നീണ്ട കാലയളവുകളാണെന്ന് കരുതേണ്ടതാണ്. അതിന്റെ കൃത്യമായ അളവ് അല്ലാഹുവിനേ അറിയൂ. ഈ അടിസ്ഥാനത്തിലാണ് സൃഷ്ടിയുടെ ആറു ദിനങ്ങൾ ആറു ഘട്ടങ്ങളിലായി വ്യാഖ്യാനിക്കപ്പെടുന്നത്. അല്ലാഹു വ്യത്യസ്തമായ പല ലോകങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ ലോകത്തിന്റെയും ചലന വ്യവസ്ഥയും വ്യത്യസ്തമാണ്. സ്വന്തം അച്ചുതണ്ടിൽ ഒരു കറക്കം പൂർത്തിയാക്കാനെടുക്കുന്ന 24 മണിക്കൂറാണ് ഭൂമിയുടെ ഒരു ദിവസം. അതിൽ കുറഞ്ഞ സമയം കൊണ്ട് കറക്കം പൂർത്തിയാക്കുന്ന ഗ്രഹങ്ങളുണ്ട്. അതു പോലെ ഒരു കറക്കത്തിന് ആയിരമോ അമ്പതിനായിരമോ വത്സരങ്ങളെടുക്കുന്ന ഗ്രഹങ്ങളുമുണ്ടാകാം. എന്നു വെച്ചാൽ പ്രപഞ്ചത്തിലെ ഏതെങ്കിലും ഒരു ഗ്രഹത്തിന്റെ ദിവസവും പ്രപഞ്ച സാകല്യത്തിന്റെ ദിവസവും ഒരിക്കലും ഒന്നാവുന്നില്ല.

ജിബ്‌രീലും മറ്റു മലക്കുകളും അല്ലാഹുവിങ്കൽ ഹാജരാകുന്ന ദിവസത്തിന് അമ്പതിനായിരം വത്സരത്തിന്റെ ദൈർഘ്യമുണ്ടെന്ന് ഖുർആൻ പറയുന്നു. تَعْرُجُ الْمَلَائِكَةُ وَالرُّوحُ إِلَيْهِ فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ (അമ്പതിനായിരം വത്സരത്തിന്റെ അളവുള്ള ഒരു നാളിൽ മലക്കുകളും ജിബ്‌രീലും അവങ്കലേക്ക് കയറിച്ചെല്ലുന്നു- *അൽ മആരിജ്* 4).

ഇവിടെ ചർച്ച ചെയ്യുന്ന സൂക്തത്തിലെ ദിനം - يوم - ഉയിർത്തെഴുന്നേൽപു ദിനമാണെന്നും, അതിന്റെ ദൈർഘ്യം അന്നത്തെ ശിക്ഷാ കാഠിന്യത്തിന്റെ രൂപകമാണെന്നും ഒരു വ്യാഖ്യാനമുണ്ട്. സന്ദർഭവുമായി തീരെ യോജിക്കാത്ത വ്യാഖ്യാനമാണിത്. ഉയിർത്തെഴുന്നേൽപുനാളിനെയോ അന്നത്തെ ശിക്ഷയെയോ കുറിച്ചല്ല; അധർമത്തിലാണ്ടവർ ഭൗതികലോകത്ത് തന്നെ ശിക്ഷിക്കപ്പെടുന്നതിനെ കുറിച്ചാണ് സൂക്തം സംസാരിക്കുന്നത്. ഈ വ്യാഖ്യാനം ഇബ്നു അബ്ബാസ്, മുജാഹിദ്(റ) തുടങ്ങിയ പൂർവസൂരികളിലേക്ക് ചേർക്കപ്പെടുന്നത് വിശ്വാസയോഗ്യവുമല്ല. ■

---

وَكَأَيِّن مِّن قَرْيَةٍ أَمْلَيْتُ لَهَا وَهِيَ ظَالِمَةٌ ثُمَّ أَخَذْتُهَا وَإِلَيَّ الْمَصِيرُ ﴿٤٨﴾

**48.** ധിക്കാരികളായ എത്രയോ നാടുകൾക്ക് ആദ്യം ഞാൻ സാവകാശം നൽകി. പിന്നെ പിടികൂടുകയായിരുന്നു. എല്ലാവരും എന്നിലേക്കു തന്നെ മടങ്ങേണ്ടവരാകുന്നു.

**48**

وَكَأَيِّن مِّن قَرْيَةٍ = എത്രയോ നാടുകൾ(ക്ക്)   أَمْلَيْتُ لَهَا = (ആദ്യം) ഞാൻ അവക്ക് സാവകാശം നൽകി

وَهِيَ ظَالِمَةٌ = അവ ധിക്കാരി(കൾ) ആയിരിക്കെ   ثُمَّ أَخَذْتُهَا = പിന്നെ ഞാൻ അവയെ(രെ)പിടികൂടുകയായിരുന്നു

وَإِلَيَّ = എന്നിലേക്കുതന്നെ   الْمَصِيرُ = മടക്കം (എല്ലാവരും മടങ്ങേണ്ടവരാകുന്നു)

അധർമത്തിലും അസത്യത്തിലും പൂണ്ടുനിൽക്കുന്നവർ ശിക്ഷ വന്നെത്താൻ വൈകുന്നതിൽ വഞ്ചിതരാവേണ്ടെന്ന് വീണ്ടും ഉണർത്തുകയാണ്. അങ്ങനെ വഞ്ചിതരായ നിരവധി ജനതകൾ ശിക്ഷിക്കപ്പെട്ട ചരിത്രമുണ്ട്. അല്ലാഹു ആരെയും നശിപ്പിക്കാനാഗ്രഹിക്കുന്നില്ല. എല്ലാവർക്കും വീണ്ടെടുപ്പിനും തിരിച്ചുവരവിനും വേണ്ടത്ര സമയം നൽകുന്നുണ്ട്. ഈ സാവകാശത്തെ ശിക്ഷയെ നിഷേധിക്കാൻ ന്യായമായെടുത്ത് കൂടുതൽ അക്രമത്തിലേർപ്പെടുന്നവർ പിന്നീട് ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. ഒടുവിൽ എല്ലാവരും അല്ലാഹുവിന്റെ മുമ്പിൽ തിരിച്ചെത്തുന്നു. അവിടെ അവർ വാദിക്കുന്ന ശിപാർശകരോ രക്ഷകരോ സഹായികളോ പരിവാരങ്ങളോ ഒരു ഗുണവും ചെയ്യില്ല എന്നുകൂടി ഓർത്തിരിക്കുക. ■

قُلْ يَا أَيُّهَا النَّاسُ إِنَّمَا أَنَا لَكُمْ نَذِيرٌ مُّبِينٌ ﴿٤٩﴾

**49.** പ്രവാചകൻ പ്രഖ്യാപിക്കുക: അല്ലയോ ജനങ്ങളേ, ഞാൻ നിങ്ങൾക്കുള്ള തെളിഞ്ഞ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു.

**49**

قُلْ = നീ (പ്രവാചകൻ) പ്രഖ്യാപിക്കുക   يَا أَيُّهَا النَّاسُ = അല്ലയോ ജനങ്ങളേ   إِنَّمَا أَنَا = നിശ്ചയമായും ഞാൻ

لَكُمْ = നിങ്ങൾക്കുള്ള   نَذِيرٌ مُّبِينٌ = തെളിഞ്ഞ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു

# ഖുർആൻ ബോധനം

പ്രവാചക സന്ദേശം തള്ളിക്കളയുന്നതിന്റെ ഗുരുതരമായ ഭവിഷ്യത്തുകൾ വ്യക്തമാക്കിയ ശേഷം പ്രവാചകനോട് സ്വന്തം അവസ്ഥ ജനങ്ങളെ അസന്ദിഗ്ധമായി ബോധിപ്പിക്കാൻ ആവശ്യപ്പെടുകയാണ്. സത്യവിശ്വാസികൾക്ക് സുവിശേഷകനും നിഷേധികൾക്ക് മുന്നറിയിപ്പുകാരനുമായിട്ടാണ് ദൈവദൂതൻ നിയുക്തനായിട്ടുള്ളതെന്ന് നേരത്തെ സൂറഃ *അൽബഖറ*യിലും *അൽ ഇസ്റാഇ*ലും പ്രസ്താവിച്ചിട്ടുള്ളതാണ്. ഇവിടെ പറയുന്നത് ഞാൻ നിങ്ങൾക്കുള്ള തെളിഞ്ഞ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു എന്നാണ്. അതായത് സത്യധർമാദികൾ നിഷേധിച്ചു വാഴുന്നതിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് മുന്നറിയിപ്പ് നൽകുക മാത്രമാണ് എന്റെ ദൗത്യം. നിങ്ങൾ ആരോപിക്കുന്നതുപോലെ കപടനോ മന്ത്രവാദിയോ മനോരോഗിയോ ഒന്നുമല്ല ഞാൻ. നിങ്ങൾക്കു ജീവിതം തന്ന ദൈവത്തോട് ഒരുനാൾ ജീവിതത്തിന്റെ കണക്കു പറയേണ്ടിവരുമെന്ന് നിങ്ങളെ ഉൽബോധിപ്പിക്കാൻ ദൈവം അയച്ച പ്രബോധകൻ മാത്രമാണ് ഞാൻ. താക്കീത് ചെയ്യപ്പെടുന്ന വിപത്തുകൾ എനിക്ക് തോന്നുമ്പോൾ നടപ്പിലാക്കാൻ എനിക്കാവില്ല. ശിക്ഷ ഇറങ്ങുന്നത് തടുത്തു നിർത്താനും കഴിയില്ല. അതൊന്നും എന്റെ ദൗത്യത്തിൽ പെട്ടതല്ല. അതിന്റെ സാധ്യതയെക്കുറിച്ച് നേരത്തെ നിങ്ങളെ അറിയിക്കാനും, അതിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം ഉപദേശിക്കാനും മാത്രമേ എനിക്ക് കഴിയൂ. ഞാൻ ഉപദേശിച്ച മാർഗം അവലംബിച്ച് രക്ഷപ്പെടുക എന്നത് നിങ്ങൾ തന്നെ ചെയ്യേണ്ട കാര്യമാണ്. نذير-നെ തെളിഞ്ഞ - مبين - എന്ന് വിശേഷിപ്പിച്ചതിന് ഈ സന്ദർഭത്തിൽ സവിശേഷ സാംഗത്യമുണ്ട്. അറബി ഗോത്രങ്ങൾ ഒരിടത്ത് തമ്പടിച്ചാൽ അതിനടുത്തുള്ള ഒരു ഉയർന്ന സ്ഥലത്ത് ഒരാളെ കാവൽ നിർത്തും. ഗോത്രത്തിനു നേരെ വല്ല ആപത്തും വരുന്നുവെന്ന് കണ്ടാൽ ഈ കാവൽക്കാരൻ സ്വന്തം വസ്ത്രമൂരി നഗ്നനായി നിന്ന് ഗോത്രത്തിന് മുന്നറിയിപ്പ് നൽകുന്നു. കാവൽക്കാരൻ വസ്ത്രമുരിഞ്ഞ് നഗ്നനായത് കണ്ടാൽ ഗോത്രം അല്ലെങ്കിൽ യാത്രാ സംഘം ആയുധമണിഞ്ഞ് പ്രതിരോധ സന്നദ്ധരാകുന്നു. ഈ കാവൽക്കാരനെ نذير عريان -നഗ്നനായ മുന്നറിയിപ്പുകാരൻ- എന്നാണ് പറയുക. അയാളുടെ മുന്നറിയിപ്പിനെ ആരും അവഗണിക്കുകയോ തള്ളിപ്പറയുകയോ ചെയ്യുകയില്ല. അങ്ങനെ ചെയ്താൽ ഫലം ഗോത്രത്തിന്റെ നാശമായിരിക്കുമെന്ന് എല്ലാവർക്കും അറിയാം. നഗ്ന മുന്നറിയിപ്പുകാരനെപ്പോലെ ഒരിക്കലും അവഗണിച്ചുകൂടാത്ത മുന്നറിയിപ്പുകാരനാണ് താനെന്ന് പറയുകയാണിവിടെ. പ്രവാചകനെ نذير عريان എന്നു വിശേഷിപ്പിക്കുന്നത് സഭ്യേതരവും അനുചിതവുമായതിനാൽ ഖുർആൻ അതിനെ نذير مبين എന്ന് ഭേദപ്പെടുത്തി സഭ്യവും മാന്യവുമാക്കി അവതരിപ്പിച്ചിരിക്കുകയാണ്. ■

**50.** സത്യധർമങ്ങളിൽ വിശ്വസിക്കുകയും സത്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് പാപമുക്തിയും മാന്യമായ ഉപജീവനവുമുണ്ട്.

فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٥٠﴾

**51.** നമ്മുടെ സൂക്തങ്ങളെ തോൽപിക്കാൻ പ്രയത്നിച്ചവരോ, അവരത്രെ നരകാവകാശികൾ.

وَٱلَّذِينَ سَعَوْا۟ فِىٓ ءَايَٰتِنَا مُعَٰجِزِينَ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَحِيمِ ﴿٥١﴾

**50,51**

فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ = (സത്യധർമാദികളിൽ) വിശ്വസിക്കുകയും സത്കർമങ്ങളാചരിക്കുകയും ചെയ്തവർ

لَهُم مَّغْفِرَةٌ = അവർക്ക് പാപമുക്തിയുണ്ട്   وَرِزْقٌ كَرِيمٌ = മാന്യമായ വിഭവവും (ഉപജീവനവും) ഉണ്ട്

وَٱلَّذِينَ سَعَوْا۟ = എന്നാൽ പ്രയത്നിച്ചവർ(രോ)   فِىٓ ءَايَٰتِنَا = നമ്മുടെ സൂക്തങ്ങ(ളെ)ളിൽ

مُعَٰجِزِينَ = തോൽപ്പിക്കു(ക്കാൻ)ന്നവരായി   أُو۟لَٰٓئِكَ = അവരത്രെ   أَصْحَٰبُ ٱلْجَحِيمِ = നരകാവകാശികൾ

മുൻ സൂക്തത്തിൽ പ്രസ്താവിച്ച മുന്നറിയിപ്പാണ് ഈ സൂക്തങ്ങൾ. ഖുർആൻ സാധാരണ പ്രവാചകനെ വിശേഷിപ്പിക്കാറുള്ളത് بشير ونذير -സുവിശേഷകനും മുന്നറിയിപ്പുകാരനും- എന്നാണ്. സുവിശേഷം വിശ്വാസികൾക്കുള്ളതാണ്. മുന്നറിയിപ്പ് അവിശ്വാസികൾക്കും. കഴിഞ്ഞ സൂക്തത്തിന്റ സംബോധിതർ അവിശ്വാസികളായതുകൊണ്ട് بشير എന്ന വിശേഷണം പരാമർശിച്ചില്ലെങ്കിലും ഈ സൂക്തങ്ങളിൽ സുവിശേഷം- بشارة - തന്നെയാണ് ആദ്യം പ്രസ്താവിച്ചിരിക്കുന്നത്. ഈ സുവിശേഷം നിഷേധികൾക്കുള്ള മുന്നറിയിപ്പിന്റെ ഭാഗവുമാണ്. നിങ്ങൾ പീഡിതരും നിന്ദിതരുമായി കരുതുന്ന മുസ്‌ലിംകൾക്ക് പാപമുക്തിയുടെ പരിശുദ്ധിയും മഹത്തായ വിഭവങ്ങളും ലഭിക്കുന്നതും, മഹാ കേമന്മാരായി അഹങ്കരിക്കുന്ന നിങ്ങൾ പരാജിതരും നിന്ദിതരുമായി നിത്യനരകത്തിൽ പതിക്കുന്നതുമായ ഒരു ദിനം വരാനിരിക്കുന്നു എന്നാണ് അവരെ അറിയിക്കുന്നത്. رزق كريم -നെ മഹത്തായ വിഭവങ്ങൾ എന്നും തർജമ ചെയ്യാം. ധിക്കാരികൾക്ക് ഈ ലോകത്തുതന്നെ അനുഭവിക്കേണ്ടി വരുന്ന ശിക്ഷയുടെ പശ്ചാത്തലത്തിലാണ് വിശ്വാസികളുടെ ഇവിടത്തെ അനുഗ്രഹം മാന്യമായ ഉപജീവനമാകുന്നത്. പാപമുക്തിയുടെ ഫലമായി ലഭിക്കുന്ന സ്വർഗീയാനുഗ്രഹങ്ങളാണ് പരലോകത്തിലെ മാന്യമായ വിഭവങ്ങൾ. رزق-ന്റെ كريم എന്ന വിശേഷണം മഹത്വത്തിന്റെയും വിശുദ്ധിയുടെയും എല്ലാ മാനങ്ങളെയും ഉൾക്കൊള്ളുന്നതാണ്.

ഒരാളെ പരാജയപ്പെടുത്താൻ നടത്തുന്ന മത്സരമാണ് مُعاجزة . അതിൽ നിന്നുള്ള ബഹുവചന കർതൃപദമാണ് مُعاجزون. നബി (സ)യെയും അദ്ദേഹത്തിന്റ പ്രസ്ഥാനത്തെയും പരാജയപ്പെടുത്താൻ ത്വരിതഗതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന കൊടിയ സത്യനിഷേധികളാണ് ഇവിടെ ഉദ്ദേശ്യം. ■